# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 325

**28.11.2018-ൽ മറുപടിയ്ക്ക്**

**പരിയാരം ആയുർവേദ കോളേജ്**

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവേദ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; കെട്ടിട നിർമ്മാണം എന്ന് പൂർത്തിയാകും; | (എ) | കണ്ണൂർ സർക്കാർ ആയുർവേദ കോളേജിനോടനുബന്ധിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം നിർമ്മിച്ചു വരുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ താഴത്തെ നിലയുടെ സിവിൽ, ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ 1,2,3 നിലകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. സിവിൽ വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇലക്ട്രിക്കൽ പ്രവർത്തികൾ കൂടി പൂർത്തീകരിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടം കോളേജിന് കൈമാറുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പരിയാരം ആയുർവേദ കോളേജിൽ പുതിയ തസ്തികകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ? | (ബി) | കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ ആവശ്യമായ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള ശിപാർശ പരിശോധിച്ചു വരുന്നു. കണ്ണൂർ സർക്കാർ ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മാണം പൂർത്തിയായി വരുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സംബന്ധിച്ച് ആവശ്യപ്പെട്ട അധികവിവരങ്ങൾ 19.11.18- ലെ കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ